For Private Circulation Only

February 2026

ആഗമനാരുണൻ

HOLY BIBLE

Vol.73

" ആകയാൽ ഭോഷ്ക് ഉപേക്ഷിച്ച് ഓരോരുത്തൻ താന്താന്റെ കൂട്ടുകാരെനോടു സത്യം സംസാരിപ്പിൻ " (എഫെ.4:25)

No.2

പരിശുദ്ധാത്മാവിനെ ദു:ഖിപ്പിക്കരുത്

By Theodore H.EPP

പരിശുദ്ധാത്മാവ് ആരെയും നിർബ്ബന്ധിക്കുന്നില്ല, അവിശ്വാസി രക്ഷിക്കപ്പെടുവാൻ, വിശ്വാസി വിസുദ്ധീകരിക്കപ്പെടുവാനും, പരിശുദ്ധാത്മാവ് ദു:ഖിക്കുന്നു, നാം പാപം ചെയ്യുമ്പോൾ പരിശുദ്ധാത്മാവ് ദു:ഖിക്കുന്നു.

പരിശുദ്ധാത്മാവ് നമ്മിൽ ചിലരെപ്പോലെയല്ല, വേണ്ടത്ര ബഹുമാനം കാണിക്കാതിരിക്കുമ്പോൾ, വേദനിപ്പിക്കുന്നു എന്ന് തോന്നുമ്പോൾ, സഹകരണം കാണിക്കാതിരിക്കുമ്പോൾ ദു:ഖിക്കുന്നു. നമ്മിൽ പ്രവർത്തിക്കുവാൻ നാം പരിശുദ്ധാത്മാവിന് ഇടംകൊടുക്കാതിരിക്കുമ്പോൾ പരിശുദ്ധാത്മാവ് ദു:ഖിക്കുന്നു. അവിടുന്ന് നമ്മെ സഹായിപ്പാനാഗ്രഹിക്കുന്നു, എന്നാൽ നാം അതിന് അനുവദിക്കുന്നില്ല. പരിശുദ്ധാത്മാവിന് പ്രവർത്തിപ്പാനുള്ള ഇടം കൊടുക്കുവാൻ നമ്മുടെ മനോഭാവം അനുവദിക്കുന്നില്ല.

വസ്തുതകൾ ആത്മാവിനെ ദു:ഖിപ്പിക്കുന്നു.

എഫെസ്യർ 4:30-ന്റെ പശ്ചാത്തലം നമ്മെ കാണിക്കുന്നത് എന്ത് കാര്യങ്ങളാണ് ദൈവത്തിന്റെ പരിശുദ്ധാത്മാവിനെ ദു:ഖിപ്പിക്കുന്നത്. വാക്യം 25 പറയുന്നു, " ആകയാൽ ഭോഷ്ക്കു ഉപേക്ഷിച്ച് ഓരോരുത്തൻ തന്റെ കൂട്ടുകാരനോട് സത്യം സംസാരിപ്പിൻ; നാം തമ്മിൽ അവയവങ്ങളല്ലോ " (എഫെ. 4:25). നാം പൊതുവേ കള്ളം പറയുന്നവരാണ്. വാക്കുകളിൽ കള്ളം ഉണ്ട്. നാം നമ്മുടെ പ്രവർത്തികളിലൂടെ കള്ളം പറയുന്നു.

എന്തു രീതി നാം ഉപയോഗിച്ചാലും, നാം കള്ളം പറയുന്നുവെങ്കിൽ, നാം ആത്മാവിനെ ദു:ഖിപ്പിക്കുന്നു. നാം കള്ളത്തെ നീതീകരിക്കാൻ, നോക്കുമ്പോൾ, ആളുകൾ അതിനെ വിളിക്കുന്നു, "വെള്ളക്കള്ളം. കള്ളത്തിന്മേൽ കള്ളം".

26-ാം വാക്യത്തിൽ നാം വായിക്കുന്നു, " കോപിച്ചാൽ പാപം ചെയ്യാതിരിപ്പിൻ ". പാപം ചെയ്യാതെ കോപിക്കുവാൻ കഴിയും. അപ്പോൾ കോപിക്കരുത്. മനുഷ്യന്റെ കോപം ദൈവത്തിന്റെ ഉദ്ദേശത്തിൽ പ്രവർത്തിക്കുന്നില്ല. വിശ്വാസിയുടെ കോപം ആത്മാവിനെ ദു:ഖിപ്പിക്കുന്നു.

അപ്പോസ്തലൻ 28-ാം വാക്യത്തിൽ സംസാരിക്കുന്നത് "കള്ളൻ ഇനി കക്കാതെ മുട്ടുള്ളവന് ദാനം ചെയ്വാൻ ഉണ്ടാകേണ്ടതിന് കൈകൊണ്ട് നല്ലത് പ്രവർത്തിച്ച് അദ്ധ്വാനിക്കയത്രേ വേണ്ടത് ". (എഫെ. 4:28). നമുക്ക് കാര്യങ്ങൾ ആവശ്യമുണ്ട് എങ്കിൽ, വിശ്വസ്തതയോടെ കൈകാര്യം ചെയ്യേണം. മോഷണം, ദൈവത്തിന്റെ പരിശുദ്ധാത്മാവിനെ ദു:ഖിപ്പിക്കുന്നു.

ഇതുവരെ പറഞ്ഞ കാര്യങ്ങൾ കുറച്ചു വ്യത്യസ്തമായി തോന്നാം. എന്നാൽ, അടുത്തത്, നമ്മുടെ മനസിനെ ചിന്തിപ്പിക്കുന്നതാണ്, പലപ്പോഴും ഗൗരവമായ ഫലം ഉളവാക്കുന്നവയും ആണ്. " പ്രബോധനം എന്നത് കേൾക്കുന്നവർക്ക് കൃപ ലഭിക്കേണ്ടതിന് ആവശ്യംപോലെ ആത്മീവക വർദ്ധനയ്ക്കയി നല്ല വാക്കല്ലാതെ ആകാത്തത് ഒന്നും നിങ്ങളുടെ വായിൽ നിന്നും പുറപ്പെടരുത് ".

ഇത് നമ്മുടെ വായ് കൊണ്ട് ചെയ്യുന്ന പാപം എളുപ്പമായി തോന്നാം. എല്ലാ ദുഷ്ട സംസാരവും എല്ലാ ദോഷസംസാരവും, എല്ലാം തനിയേപോകും. ശേഷം 5-ാം അധ്യായത്തിൽ പൗലൊസ് സംസാരിക്കുന്നു, " ചീത്തത്തരം പൊട്ടച്ചൊൽ കളിവാക്ക് ഇങ്ങനെ ചേർച്ചയല്ലാത്തവ ഒന്നും അരുത്, സ്തോത്രമത്രേ വേണ്ടത് " (5:4).

4-ാം അധ്യായം 31-ാം വാക്യത്തിൽ നാം വായിക്കുന്നു. " എല്ലാ കയ്പും കോപവും ക്രോധവും കൂറ്റാരവും ദുഷണവും സകല ദുർഗുണവുമായി നിങ്ങളെ വിട്ടു ഒഴിഞ്ഞു പോകട്ടെ ". ദുഷ്ട സംസാരം കയ്പിൽ നിന്നും പകയിൽ നിന്നും വരുന്നു. ഇത്തരം കാര്യങ്ങളെ ജീവിതത്തിൽ നിന്നും പുറത്താക്കേണ്ടതാണ്. ആർക്കെങ്കിലും നേരോടെ വൈരാഗ്യം വച്ചു പുലർത്തുന്നുവോ? എത്രത്തോളം അത് നമ്മിൽ വാഴുമോ അത്രത്തോളം പരിശുദ്ധാത്മാവിന് പ്രവർത്തിപ്പാൻ കഴിയുകയില്ല. വൈരാഗ്യം വച്ചുകൊണ്ടിരിക്കുന്നുവോ, ആത്മാവിന് പ്രവർത്തിപ്പാൻ കഴിയുകയില്ല. പരിശുദ്ധാത്മാവിന് നമ്മിൽ പ്രവർത്തിപ്പാനോ നമ്മെ ഉപയോഗിക്കാനോ കഴിയുകയില്ല.

സാധാകാത്മ വശം 32-ാം വാക്യത്തിൽ നാം വായിക്കുന്നു, " നിങ്ങൾ തമ്മിൽ ദയയും മനസലിവും ഉള്ളവരായി ദൈവം ക്രിസ്തുവിൽ നമ്മോടു ക്ഷമിച്ചതുപോലെ അന്യോന്യവും ക്ഷമിപ്പിൻ ". നന്മയുടെ അഭാവത്തിൽ അല്ലെങ്കിൽ ക്ഷമിക്കുന്ന കാര്യത്തിൽ അഥവാ പരസ്പരം സ്നേഹിപ്പിൻ, കാരണം നാം സ്നേഹത്തിൽ നടക്കുന്നു, ദയയുള്ള ക്ഷമിക്കുന്ന ഹൃദയം നമുക്കുണ്ടായിരിക്കേണം, ക്രിസ്തു നമ്മോട് ക്ഷമിച്ചുവല്ലോ. നാം മറ്റുള്ളവരോട് ക്ഷമിക്കേണം. കർത്താവ് നമ്മോട് ക്ഷമിച്ചതുപോലെ നാം ക്ഷമിക്കേണ്ടതാകുന്നു. നാം മറ്റുള്ളവരോട് ക്ഷമിക്കാഞ്ഞാൽ അവർ നമ്മോട് പക വച്ചിട്ട് പരിശുദ്ധാത്മാവ് ദു:ഖിക്കും.

പാപത്തിന്റെ ആധിക്യം രഹസ്യമായി സൂക്ഷിക്കുകയും അതിന്റെ ഇടപെടലുകളാൽ പരിശുദ്ധാത്മാവ് ദു:ഖിക്കുകയും ചെയ്യും. എഫെസ്യലേഖനം തുടർന്നു പഠിച്ചാൽ 5-ാം അധ്യായത്തിൽ നാം കാണുന്നത് പാപത്തേയും അശുദ്ധിയെയും ഒഴിവാക്കുകയാണ്. അത്യാഗ്രഹം വിഗ്രഹാരാധനയാണ്. അത്യാഗ്രഹവും സ്വാർത്ഥതയും അതിന്റെ പാരമ്യതയി

(ശേഷം 2-ാംപേജിൽ)

(1-ാംപേജിന്റെ തുടർച്ച)

പരിശുദ്ധാത്മാവിനെ ദു:ഖിപ്പിക്കരുത്

ലാണ്. ഇവയെല്ലാം പരിശുദ്ധാത്മാവിനെ ദു:ഖിപ്പിക്കുന്നു.

11-ാം വാക്യത്തിൽ "ഇരുട്ടിന്റെ നിഷ്ഫല പ്രവൃത്തികളിൽ കൂട്ടാളികൾ ആകരുത്; എന്നാൽ അവയെ ശാസിക്കയത്രേ വേണ്ടത് ". ദുഷ്ട മനുഷ്യർ ചെയ്യുന്ന പ്രവൃത്തികൾ രഹസ്യത്തിലും ഇരുളിന്റെ മറവിലും പട്ടികയിൽ പെട്ട പാപവും മദ്യപാനവും - ഇവ ഒരിക്കലും വിശ്വാസിയുടെ ജീവിതത്തിൽ കടന്നു വരരുത്. ഇവയൊന്നിലും ഭാഗമായിത്തീരാൻ പാടില്ല, ഇവ പരിശുദ്ധാത്മാവിനെ ദു:ഖിപ്പിക്കുന്നു.

ആത്മസ്വഭാവത്തിനെതിരായ പാപം

പരിശുദ്ധാത്മാവ് വിശുദ്ധിയുടെ ആത്മാവ് എന്ന് വിളിക്കപ്പെട്ടിരിക്കുന്നു (റോമർ. 1:4). അതുകൊണ്ട് എല്ലാ അശുദ്ധിയും പാപവും പരിശുദ്ധാത്മാവിനെ ദു:ഖിപ്പിക്കുന്നു.

യെശ. 11:2-ൽ നാം വായിക്കുന്നു അവിടുന്ന് ജ്ഞാനത്തിന്റെ ആത്മാവ് ആകുന്നു, മനസിലാക്കുന്നു, അറിവ്. പരിണിത ഫലമായി നാം ആത്മിക കാര്യങ്ങളെ ത്യജിക്കുന്നവയാകുന്നു. മനുഷ്യന്റെ പഠിപ്പിക്കലുകൾക്ക് ഒന്നാം സ്ഥാനം കൊടുക്കുന്നു. അത് ആത്മാവിനെ ദു:ഖിപ്പിക്കുന്നു. വചനം പഠനത്തിൽ മുദ്ര നഷ്ടപ്പെടുത്തുന്നു, നാം ആത്മാവിനെ ദു:ഖിപ്പിക്കുന്നു. നമുക്ക് ജ്ഞാനം നൽകുവാനായി അവിടുന്ന് ആഗ്രഹിക്കുന്നു, നാം വചനം വായിച്ച് ധ്യാനിക്കുവാനുള്ള അറിവ് നുക്കു തരുന്നു, അവിടുന്ന് നമ്മിൽ പ്രവർത്തിച്ച് തന്റെ രൂപം നമ്മിൽ ഉണ്ടാക്കിയെടുക്കുവാൻ അവിടുന്ന് ആഗ്രഹിക്കുന്നു. അതുകൊണ്ട് വചനത്തെ ഉപേക്ഷിക്കുവാൻ അവിടുന്ന് ആഗ്രഹിക്കുന്നു. അതുകൊണ്ട് വചനത്തെ ഉപേക്ഷിക്കുന്നത് ആത്മാവിനെ ദു:ഖിപ്പിക്കുന്നു.

റോമർ 8:2, 2 തിമൊ. 1:7 വാക്യങ്ങളിൽ നാം വായിക്കുന്നത് അവിടുത്തെ ആത്മാവ് ജീവന്റെയും ശക്തിയുടെയും ആത്മാവ് എന്നാണ്. അവനിലൂടെയാണ്, അവനിലൂടെ മാത്രമാണ് ആത്മീയ ജീവിതവും പ്രകൃത്യാതീതമായ ജീവിതവും. നമ്മെ കാണിക്കുന്ന ആത്മീയ ക്ഷീണം, ജഡത്തിൽ ജീവിച്ച് ആത്മീയ വളർച്ചയിൽ പരാജയപ്പെട്ട് ജീവിതത്തിൽ സാക്ഷ്യത്തിന് ശക്തി കുറഞ്ഞ അവസ്ഥ, അതിൽ പരിശുദ്ധാത്മാവ് ദു:ഖിക്കുന്നു. അവിടുന്ന് വലിയവൻ, ഞാൻ ആകുന്നവൻ നമ്മിൽ വസിക്കുന്നു. അവിടുന്ന് എല്ലാം ആണ്, ക്രിസ്

(ശേഷം 3-ാംപേജിൽ)

കർത്താവിൽ പ്രിയരേ,

വീണ്ടും വരുന്ന യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നേഹ വന്ദനം.

" ഞാൻ ഇന്നു നിന്നോട് ആജ്ഞാപിക്കുന്ന ഈ കൽപന നിനക്ക് പ്രയാസമുള്ളതല്ല. ദൂരമായുള്ളതുമല്ല ഞങ്ങൾ കേട്ട് അനുസരിക്കേണ്ടതിന് ആർ സ്വർഗ്ഗത്തിൽ കയറികൊണ്ടു വന്നു തരും എന്നു പറയത്തക്കവണ്ണം സ്വർഗ്ഗത്തിലല്ല. ഞങ്ങൾ കേട്ട് അനുസരിക്കേണ്ടതിന് ആർ സമുദ്രം കടന്ന് കൊണ്ടു വന്നു തരും എന്നു പറയത്തക്കവണ്ണം അത് സമുദ്രത്തിനക്കരെയുമല്ല. നീ അനുസരിപ്പാൻ തക്കവണ്ണം വചനം നിനക്ക് ഏറ്റവും സമീപത്ത് നിന്റെ വായിലും നിന്റെ ഹൃദയത്തിലും തന്നെ ഇരിക്കുന്നു. ഇതാ ഞാൻ ഇന്നു ജീവനും മരണവും ദോഷവും നിന്റെ മുമ്പിൽ വച്ചിരിക്കുന്നു. നീ ജീവിച്ചിരുന്നു പെരുകുകയും നീ കൈവശമാക്കുവാൻ ചെല്ലുന്ന ദേശത്ത് നിന്റെ ദൈവമായ യഹോവ നിന്നെ അനുഗ്രഹിക്കയും ചെയ്യേണ്ടതിന് നിന്റെ ദൈവമായ യഹോവയെ സ്നേഹിപ്പാനും അവന്റെ വഴികളിൽ നടപ്പാനും അവന്റെ കൽപനകളും ചട്ടങ്ങളും വിധികളും പ്രമാണിപ്പിൻ "(ആവർത്തനം 30:11-17).

നാം തളർന്നു പോകരുത്. ക്ഷീണിച്ചു പോകരുത്. നാം സന്തോഷത്തോടും ഉത്സാഹത്തോടും ദൈവത്തിന്റെ ഇഷ്ടം അനുസരിക്കുക. നമ്മുടെ ദൈവം തീക്ഷ്ണതയുള്ള ദൈവമാണ്. തോറ്റു പോകാതെ യേശുവിൽ ആശ്രയിച്ച് അവിടുത്തെ നിത്യ സന്തോഷത്തിൽ സന്തോഷിച്ച് അവിടുത്തെ ദൈവസാന്നിധ്യത്തിന്റെ മറവിൽ മറഞ്ഞുകൊള്ളുക.

യേശു മാത്രമാണ് യഥാർത്ഥ ദൈവം ഈ നാളുകളിൽ നാം ദൈവത്തെ ഭയപ്പെട്ട് സ്വർഗ്ഗത്തിലേക്ക് നോക്കി നിങ്ങളുടെ ശക്തനായ വീണ്ടെടുപ്പുകാരനെ സ്തുതിക്കുക.

കർത്താവ് തന്റെ മണവാട്ടി സഭയെ ചേർക്കുവാൻ വാനമേഘത്തിൽ വരുവാൻ പോകുകയാണ്. അവനോടുകൂടെ ചേർക്കപ്പെടുവാൻ നമുക്ക് വിശുദ്ധിയോടും വേർപാടോടും കൂടെ ജീവിക്കാം. വിശുദ്ധി കാത്തു സൂക്ഷിക്കുവാൻ ദൈവം നമുക്കു കൃപ നൽകട്ടെ.

മാസികയുടെ പേരിലുള്ള ബാങ്ക് അക്കൗണ്ട് ചുവടെ ചേർക്കുന്നു. ബിന്ദു.എം ആഗമനദൂതൻ **IFSC code SBIN 0070028 A/c. No. 67342839891** സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ എന്ന പേരിൽ മാസിക നടത്തിപ്പിനായുള്ള സംഭാവന ഡ്രാഫ്റ്റ്/ചെക്ക് എന്നിവ രജിസ്റ്റേഡായി അയക്കുക. അഡ്രസ് മാറ്റം ഉടനെ അറിയിക്കുക.

എല്ലാ മാസികാ മിത്രങ്ങളും ശരീരത്തിലും മനസ്സിലും ആത്മാവിലും ശുഭമായും സുഖമായും പുലരേണ്ടതിനായി പ്രാർത്ഥിക്കുന്നു.

മാസികയെക്കുറിച്ചുള്ള നിർദ്ദേശങ്ങളും അഭിപ്രായങ്ങളും കത്തുകൾ മുഖേനയോ ഇ-മെയിൽ വഴി അറിയുവാൻ ഞാൻ ആഗ്രഹിക്കുന്നു. ആരിൽ നിന്നും ഒരു പ്രതികരണവും ലഭിക്കുന്നില്ല. നിങ്ങളുടെ അഭിപ്രായങ്ങൾ അറിയുവാൻ ഞാൻ ആഗ്രഹിക്കുന്നു.

എന്ന് ക്രിസ്തുവിൽ എളിയ സഹോദരി,
ബിന്ദു.എം

ആഗമനദൂതൻ

ബിന്ദു.എം
എഡിറ്റർ
Mob:**8589901702, 8075696168**

അഡ്വ.നോബിൾ
അസോസിയേറ്റ് എഡിറ്റർ
ഒൗ്യ: **9446590913, 9809882926**
കരിത്തിലവിളാകം, ബിൻസി ഭവൻ, ആറാമട പി. ഒ., തിരുവനന്തപുരം - 695032
Mob:8589901702,**8075696168**
E-mail:bindhum1971@yahoo.in

മാസിക ആവശ്യമുള്ളവർ ബന്ധപ്പെടുക

മാസികാപ്രവർത്തനത്തിനായി പ്രാർത്ഥിപ്പിൻ !

(2-ാംപേജിന്റെ തുടർച്ച)

പരിശുദ്ധാത്മാവിനെ ദു:ഖിപ്പിക്കരുത്

തുവിനെ ജീവിതത്തിൽ വെളിപ്പെടുത്തി, നമ്മിൽ ജീവിക്കുന്നു.

യോഹന്നാൻ 14:17-ൽ സത്യത്തിന്റെ ആത്മാവ് എന്ന് വിളിച്ചിരിക്കുന്നു. ഏതു കള്ളവും തെറ്റായത്, കപടഭക്തി, വാക്കിലോ മനോഭവത്തിലോ അത് പരിശുദ്ധാത്മാവിനെ ദു:ഖിപ്പിക്കുന്നു. മറ്റുള്ളവരെക്കുറിച്ചുള്ള ഒരു തെറ്റായ ചിന്താഗതി പോലും ആത്മാവിനെ ദു:ഖിപ്പിക്കുന്നു.

2കൊരി. 4:13-ൽ വിശ്വാസത്തിന്റെ ആത്മാവ് എന്ന് പറഞ്ഞിരിക്കുന്നു. അതുകൊണ്ട്, നാം അവിടുത്തെ വചനത്തെ സംശയിക്കുമ്പോൾ, നാം എടുത്ത മനോഭാവം, വിശ്വസിപ്പാൻ കഴിയില്ല എങ്കിൽ പോലും അത് ആത്മാവിനെ ദു:ഖിപ്പിക്കുന്നു. തനിക്ക് കള്ളം പറയാൻ കഴിയുകയില്ല, അതുകൊണ്ട് എല്ലാ സംശയങ്ങളും എല്ലാ ഉത്ക്കണ്ഠയും വിശ്വാസത്തിന്റെ കുറവിൽ നിന്നുണ്ടാകുന്നതാണ്. അത് പരിശുദ്ധാത്മാവിനെ ദു:ഖിപ്പിക്കുന്നു.

വിശ്വാസം കേൾവിയാലും കേൾവി ക്രിസ്തുവിന്റെ വചനത്താലും വരുന്നു എന്ന് ദൈവവചനം പറയുന്നു. എന്നാൽ ദൈവവചനം നാം വിശ്വസിച്ചില്ലെങ്കിൽ ആത്മാവിന് വിശ്വാസത്തെ പുറപ്പെടുവിക്കുവാൻ സാദ്ധ്യമല്ല. അങ്ങനെ നാം അവിടുത്തെ ബഹുമാനിക്കുന്നില്ല.

അവിടുന്ന് സ്നേഹത്തിന്റെ ആത്മാവ് ആണ്, കൃപയുടെ ആത്മാവ് ആണ് എന്ന് തിമൊഥൊ. 1:7-ലും എബ്രാ. 10:29-ലും വായിക്കുന്നു. അതുകൊണ്ട് എല്ലാ കഠിന ഹൃദയവും, പാപക്ഷമയോട് എതിർത്ത് നിൽക്കുന്നു. എല്ലാ കയ്പും, എല്ലാ ജഡ പ്രകാരമുള്ള പരാതികളും അവിടുത്തേക്ക് വിരുദ്ധമാണ്. അവിടുന്ന് ക്ഷമിക്കുവാനുള്ള കൃപ തരും സഹിക്കുവാനുള്ള സ്നേഹം തരും. അവിടുന്ന് നമ്മെ സംതൃപ്തരായി മാറ്റും. ഒരിക്കലും മാറുവാൻ കഴിയാത്ത സന്തോഷം കൊണ്ട് നിറയ്ക്കും.

മനുഷ്യാത്മാവിനെ ക്കുറിച്ച് വിചാരമില്ലായ്മ അഥവാ ശീതോഷ്ണാവസ്ഥ, പരിശുദ്ധാത്മാവിനെ ദു:ഖിപ്പിക്കുന്നു.

1പത്രൊ. 4:14-ൽ മഹത്വത്തിന്റെ ആത്മാവ് എന്ന് കാണുന്നു. തൽഫലമായി, ലോകത്തിലെ സ്വാധീന ശക്തികൾ, പരിശുദ്ധാത്മാവിനെ ദു:ഖിപ്പിക്കുന്നു. ചെറുതും വലിയതുമായ പാപങ്ങൾ, മറഞ്ഞിരിക്കുന്നതോ അല്ലാതെയുള്ളതോ, ആത്മാവിന്റെ പ്രവൃത്തിയെ തടയുന്നവർ ആത്മാവിനെ ദു:ഖിപ്പിക്കുന്നു.

വചനമാകുന്ന കണ്ണാടിയുടെ മുമ്പിൽ നാം നില്ക്കുമ്പോൾ നമുക്ക് ഈ കാര്യത്തെക്കുറിച്ച് വെളിവാകും. നാം താഴ്മയോടെ അനുതാപത്തോടെ അവിടുത്തെ മുമ്പിൽ നാം തലവണക്കുമ്പോൾ, അവിടുന്ന് ക്ഷമിക്കും., നമ്മെ ശുദ്ധീകരിക്കും. ദൈവത്തിന്റെ വാഗ്ദത്തമിങ്ങനെയാണ്, “ നമ്മുടെ പാപങ്ങളെ നാം ഏറ്റുപറയുന്നു എങ്കിൽ അവൻ നമ്മോട് പാപങ്ങളെ ക്ഷമിച്ച് സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിക്കാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു ” (1യോഹ. 1:9). അവിടുന്ന് നമ്മുടെ പാപങ്ങളെ ക്ഷമിക്കും. അവിടുത്തെ വാക്കു നമുക്ക് അനുസരിക്കാം, സന്തോഷത്തോടെ നമുക്ക് ആയിരിക്കാം പരിശുദ്ധാത്മാവിനെ ദു:ഖിപ്പിക്കാതെ നമുക്ക് ജീവിക്കാം. ❖

മേരിമോൺസൺ -ഉം ദൈവത്തിന്റെ വിശ്വസ്തതയും (ഭാഗം - 4)

1929-ൽ നോർവീജിയൻ മിഷ്യനറിയായ മേരിമോൺസൺ, ദൈവത്താൽ ഉപയോഗിക്കപ്പെട്ട ധീരവനിത, വടക്കൻ ചൈനയുടെ ഉണർവ്വിനുവേണ്ടി ദൈവം ഉപയോഗിച്ച വനിത, ദൈവത്തിന്റെ കൃപയിലും സംരക്ഷണത്തിലും ചൈനയുടെ തീരത്ത് എത്തിച്ചേർന്നു, ആകാലത്ത് ആ ദേശം കൊള്ളക്കാരാൽ പിടിക്കപ്പെട്ടിരുന്നു. അവർ ഒരേയോരു യാത്രയിൽ അവരുടെ കൂട്ടു യത്രക്കാർ എല്ലാവരും കൊള്ള ചെയ്യപ്പെട്ടപ്പോൾ ദൈവത്തിന്റെ സംരക്ഷണത്തിൽ ചൈനയിൽ എത്തിച്ചേർന്നു. മിസ്സ് മോൺ

(ശേഷം 4-ാം പേജിൽ)

രക്ഷിക്കപ്പെടുവാൻ എന്തു ചെയ്യണം

അംഗീകരിക്കുക	*ഒരു വ്യത്യാസവുമില്ല എല്ലാവരും പാപം ചെയ്ത് ദൈവതേജസ്സ് ഇല്ലാത്തവരായിത്തീർന്നു (റോ.3:23)*
പശ്ചാത്തപിക്കുക	*അല്ലല്ല, മാനസാന്തരപ്പെടാഞ്ഞാൽ നിങ്ങൾ എല്ലാവരും അങ്ങനെ തന്നെ നശിച്ചുപോകും (ലൂക്കൊ. 13;3)*
ഏറ്റുപറയുക	*നമ്മുടെ പാപങ്ങളെ ഏറ്റു പറയുന്നു എങ്കിൽ യേശു നമ്മോട് പാപങ്ങളെ ക്ഷമിച്ച് സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിക്കുവാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു (1യോഹ. 1:9)*
ഉപേക്ഷിക്കുക	*ദുഷ്ടൻ തന്റെ വഴിയെയും നീതികെട്ടവൻ തന്റെ വിചാരങ്ങളെയും ഉപേക്ഷിച്ച് യഹോവയിങ്കലേക്ക് തിരിയട്ടെ. അവൻ അവനോട് കരുണ കാണിക്കും. നമ്മുടെ ദൈവത്തിങ്കലേക്ക് തിരിയട്ടെ. അവൻ ധാരാളം ക്ഷമിക്കും.*
ശുദ്ധീകരിപ്പെടുക	*അവന്റെ പുത്രനായ യേശുവിന്റെ രക്തം സകല പാപം പോക്കി നമ്മെ ശുദ്ധീകരിക്കുന്നു (1യോഹ. 1:7).*
വിശ്വസിക്കുക	*തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു. (യോഹന്നാൻ 3:16)*
സമർപ്പിക്കുക	*ദൈവത്തിന്റെ ദാനമായി നിങ്ങളിൽ ഇരിക്കുന്ന പരിശുദ്ധാത്മാവിന്റെ മന്ദിരമാകുന്നു നിങ്ങളുടെ ശരീരം എന്നും നിങ്ങളെ വിലക്ക് വാങ്ങിയിരിക്കുകയാൽ നിങ്ങൾ താന്തങ്ങൾക്കുള്ളവരല്ല എന്നും അറിയുന്നില്ലയോ? ആകയാൽ ശരീരം കൊണ്ട് ദൈവത്തെ മഹത്വപ്പെടുത്തുവിൻ. (1കൊരി.6:19,20)*
പ്രാപിച്ചെടുക്കുക	*യേശുവിനെ കർത്താവെന്ന് വായ്കൊണ്ട് ഏറ്റുപറകയും ദൈവം അവനെ മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേല്പിച്ചു എന്ന് ഹൃദയം കൊണ്ട് വിശ്വസിക്കുകയും ചെയ്താൽ നീ രക്ഷിക്കപ്പെടും. ഹൃദയം കൊണ്ട് നീതിക്കായി വിശ്വസിക്കുകയും വായ്കൊണ്ട് രക്ഷയ്ക്കായി ഏറ്റു പറയുകയും ചെയ്യണം (റോമ.10:9,10)*
സ്നാനം ഏൽക്കുക	*വിശ്വസിക്കുകയും സ്നാനമേൽക്കുകയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും വിശ്വസിക്കാത്തവൻ ശിക്ഷാവിധിയിൽ അകപ്പെടും (മർക്കൊ. 16:16)*

(3-ാംപേജിന്റെ തുടർച്ച)

മേരിമോൺസണും ദൈവത്തിന്റെ വിശ്വതതയും

സൻ -ന് നല്ല ഉറപ്പുണ്ടായിരുന്നു, ദൈവത്തിന്റെ കരുതലിൽ അവർ സൂക്ഷിക്കപ്പെട്ടു. കൊള്ളക്കാരുടെ നടുവിൽ ദൈവത്തിന്റെ അത്ഭുതകരമായ കരുതൽ അവർക്കുണ്ടായിരുന്നു. തുടർന്ന് അവരുടെ വാക്കുകളിൽ വായിക്കുക.

കഴിഞ്ഞ നാളുകളിൽ ദൈവം അത്ഭുതകരമായി തന്റെ വചനം നിറവേറ്റി (മലാഖി. 3:18). “ അപ്പോൾ നിങ്ങൾ നീതിമാനും ദുഷ്ടനും തമ്മിലും ദൈവത്തെ സേവിക്കുന്നവനും സേവിക്കാത്തവനും തമ്മിലുള്ള വ്യത്യാസം വീണ്ടും കാണും”. പണം കൈവശം വച്ചു സൂക്ഷിക്കുവാൻ അവസരം കിട്ടിയ ഏകയാത്രക്കാരിയായിരുന്നു ഞാൻ. നിങ്ങളുടെ കയ്യിൽ എന്തുമാത്രം പണം കയ്യിലൂണ്ട് എന്ന് ആവർത്തിച്ചു ചോദിക്കുമായിരുന്നു. ഞാൻ അവരോട് പറഞ്ഞു, എത്രത്തോളം എന്റെ കയ്യിലുണ്ടോ അത് വർദ്ധിച്ചു കൊണ്ടേയിരിക്കും. ഞാൻ ഇങ്ങനെ കൂട്ടിച്ചേർത്തു: “നിങ്ങൾക്ക് അത് എന്നിൽ നിന്നും എടുത്തുകളയാൻ സാദ്ധ്യമല്ല. എത്രത്തോളം ഞാൻ യാത്ര ചെയ്യുമോ അത്രത്തോളം അത് വർദ്ധിച്ചു കൊണ്ടിരിക്കും”. ഈ വാക്കുകളൊന്നും എന്റെ വാക്കുകളല്ല, എനിക്ക് എന്റെ പണം സൂക്ഷിപ്പാൻ കഴിഞ്ഞു, ഞാൻ പൂർണ്ണമായി അതു തിരിച്ചറിഞ്ഞു. ഒരു വ്യത്യാസം ഉണ്ടായിരുന്നു-മലാഖിയിലെ വാഗ്ദത്തം.

ഒന്നിലധികം പ്രാവശ്യം ഞാൻ കേട്ടു: “ നാം എല്ലാം എല്ലാവരിൽ നിന്നും എടുത്തു, നമുക്ക് ആ വിദേശിയെയും കൊള്ള ചെയ്യാം ”. ചൈനക്കാരായ സ്ത്രീകളുടെ വസ്ത്രമെല്ലാം അവരിൽ നിന്നും എടുത്തു, എന്റെ കാര്യത്തിൽ ദൈവാലയത്തിന്റെ പ്രത്യേക കരുതൽ ഉണ്ടായിരുന്നു. ഒരു മേനമയുള്ള ഒരു ചൂടു വസ്ത്രം മാത്രമായിരുന്നു. ധാരാളമുള്ള കൊള്ളക്കാർ എന്റെ പക്കൽ നിന്നും എടുത്ത് അവർ അതിനെ എടുത്ത് മുഖത്തോട് ചേർത്തുവയ്ക്കുമായിരുന്നു. ചിലപ്പോൾ അതോടുകൂടെ പോകും, എന്നാൽ ആരും വാതിലിനു പുറത്തേയ്ക്ക് പോകാറില്ല.

കുറച്ചു ദിവസങ്ങൾക്ക് ശേഷം കുടിക്കാൻ വെള്ളമില്ലാതെയായി. കപ്പലിൽ എന്തോ സംഭവിച്ചു എന്നെനിക്ക് മനസിലായി, അവർ എന്നെ ശ്രദ്ധിക്കുമായിരുന്നു “ അവൻ കാറ്റുകളെ തന്റെ ദൂതന്മാരും അഗ്നിജ്വാലയെ തന്റെ ശുശ്രൂഷകന്മാരും ആക്കുന്നു ” (സങ്കീ. 104:4). അവർ എന്റെ അടുക്കൽ വന്നു. അതെ, ഞാൻ ചിന്തിച്ചു, ദൈവം കൊള്ളക്കാരെ എന്റെ ശുശ്രൂഷക്കാക്കി. ഇത് പ്രാർത്ഥിക്കുവാൻ എന്നെ കൂടുതൽ കാരണമാക്കി. ഒരു വലിയ മനുഷ്യനുമായി ഞാൻ സംസാരിച്ചു. ഞാൻ ക്യമ്പിന്റെ പുറത്തു നിൽക്കുകയായിരുന്നു. കൊള്ളക്കാരുടെ തലവനും അദ്ദേഹത്തിനടുത്ത വ്യക്തിയും കറുപ്പ് സൂക്ഷിച്ചിരുന്ന സ്ഥലത്തേക്ക് പോകയായിരുന്നു. ക്യാപ്റ്റൻ എവിടെ എന്ന് ഞാൻ ചോദിച്ചപ്പോൾ അവർ മറുപടി പറഞ്ഞു.

ക്യാബിനകത്തുണ്ട്

നിങ്ങൾ അദ്ദേഹത്തെ പൂട്ടിയിരിക്കുകയാണോ?

അതെ

“ അപ്പോൾ ഞാൻ മനസിലാക്കി, എന്തുകൊണ്ടാണ് ആ കപ്പൽ ജോലിക്കാർ പണിയെടുക്കാത്തതെന്ന്; എന്നാൽ നിങ്ങൾക്കും എനിക്കും മറ്റെല്ലാ യാത്രക്കാർക്കും ഈ കപ്പലിൽ ജീവിക്കേണം. കപ്പൽ മുഴുവൻമാലിന്യം കൊണ്ട് നിറയുന്നു. അത് നിങ്ങൾ ഇങ്ങനെ ഈ കപ്പലിനെ ആക്കിത്തീർത്തു ”.

അവർ നാലു വശവും നോക്കിയിട്ട് എന്റെ അടുക്കൽ മടങ്ങി വന്നു. “ എന്തു ചെയ്യേണം എന്നാണ് നിങ്ങൾ ആഗ്രഹിക്കുന്നത് ”. ഒരു കൊള്ളക്കാരൻ ഓടിയെന്റെ അടുക്കൽ വന്നു പറഞ്ഞു പാസ്റ്റർ പറഞ്ഞു, ആജ്ഞകൾ ജോലിക്കരോട് പറഞ്ഞു. ജോലിക്കാർ അവരുടെ ജോലി തുടങ്ങി. എല്ലാം ശരിയായി.

കുടിവെള്ളവും അവർ കണ്ടു. യാത്രക്കാർക്ക് നടക്കുവാനും ഓടുവാനും വായു ശ്വസിക്കുവാനും കാര്യങ്ങൾ ചെയ്യുവാനും ഇടയായി. അടഞ്ഞിരുന്ന വാതിലുകൾ തുറന്നു. ജയിൽ പുള്ളികൾക്കും വായു ശ്വസിക്കുവാനും സ്വസ്ഥമായി ജീവിപ്പാനും കഴിഞ്ഞു.

“ നിങ്ങൾ ആണ് ഈ കപ്പലിന്റെ പ്രമാണി, ഞാൻ കേട്ടു അതിന്റെ ശേഷം ക്യാപ്റ്റനെ വീണ്ടും കണ്ടുമുട്ടിയപ്പോൾ അദ്ദേഹം പറഞ്ഞു, ജയിൽ പുള്ളികളിൽ കപ്പലിൽ മുട്ടുകുത്തി നന്ദിയർപ്പിക്കാനിടയായി ” നന്ദി നന്ദി. നിങ്ങൾ ബോർഡിൽ ഉണ്ടായിരുന്നതിനാൽ കാര്യങ്ങൾ വ്യത്യസ്തമായി. അവർ ആ വ്യത്യാസം മനസിലാക്കി.

ദുഷ്ട സംഘങ്ങൾക്ക് ഒന്നും ചെയ്യാൻ കഴികയില്ല.

കഴിഞ്ഞ 5 ദിവസങ്ങൾ എന്നെ ഇവിടെ നിന്നും മാറ്റുവാൻ കൊള്ളക്കാർ ചർച്ച നടത്തി. അവർ കപ്പൽ വിട്ടു പോകേണ്ടിവരും എന്ന് അവർ അറിഞ്ഞു. അവിടെ തോക്കുകൾ നിറച്ച വള്ളങ്ങൾ ഉണ്ടായിരുന്നു. അവിടെ നിന്നും എന്നെ മാറ്റിയതിനു ശേഷം കപ്പലിനെ പൂർണ്ണമായി നശിപ്പിക്കുവാൻ അവർ പദ്ധതിയിട്ടിരുന്നു. (അവരെ അടിമയായി പിടിച്ചിട്ട് വലിയ തുകയ്ക്ക് അവരെ വിലപേശാനായി പദ്ധതിയിട്ടിരുന്നു).

ഏകദേശം 50-ഓളം ബോട്ടുകൾ ഞങ്ങൾക്ക് സമീപം ഒരുക്കിയിരുന്നു. കൊള്ളക്കാർ തങ്ങളുടെ കിടക്കകയും ആഹാര സാധനങ്ങളുമെല്ലാം അങ്ങോട്ടുമാറ്റിയിരുന്നു. ഞങ്ങൾ ഉച്ചകഴിഞ്ഞ് 3 മണിക്ക് കപ്പൽ വിടുവാൻ തീരുമാനിച്ചു. എന്നെ എവിടെ കൊണ്ടുപോകും എങ്ങനെ കൊണ്ടുപോകും എന്ന് ചർച്ചകളിലായിരുന്നു. അവന്റെ വാഗ്ദത്തങ്ങൾ എന്റെ ജീവിതത്തിൽ നിറവേറുകയായിരുന്നു ആ ദിവസങ്ങളിൽ. “ നീ അവരെ മനുഷ്യരുടെ കൂട്ടുകെട്ടിൽ നിന്നും വിടുവിച്ചു, നിന്റെ സാന്നിദ്ധ്യത്തിന്റെ മറവിൽ മറക്കും ” (സങ്കീ. 31:20). “ബലവാനോട് അവന്റെ കവർച്ച എടുത്തുകളയാമോ? അല്ല നിഷ്കണ്ടകന്റെ ബദ്ധന്മാരെ വിടുവിക്കാമോ? എന്നാൽ യഹോവ ഇപ്രകാരം അരുളിചെയ്യുന്നു, ബലവാന്മാരോട് ബദ്ധന്മാരെ എടുത്തുകളയാം നിഷ്കണ്ടകന്റെ കവർച്ചയേയും വിടുവിക്കാം, നിന്നോട് പോരാടുന്നവനോട് ഞാൻ പോരടുകയും നിന്റെ മക്കളെ രക്ഷിക്കയും ചെയ്യും ”. (യെശ. 49:24,25). ആ നിമിഷം മുതൽ, ഞാൻ അവരോട് സംസാരിക്കുമ്പോൾ, അവർ എന്നെ മാറ്റുന്നതിനെക്കുറിച്ച് അഭിപ്രായം പറയുന്നില്ല, എന്റെ ദൈവം എന്നോട് എന്തു പറഞ്ഞു എന്ന് ഞാൻ അവരോട് പറഞ്ഞു. അവർ തീരുമാനിച്ചതിന് 1 മണിക്കൂർ മുമ്പ്, ഒരു കൊടുങ്കാറ്റ് കടന്നുപോയശേഷം, അവർ കറുപ്പുപയോഗിക്കുന്നതിനുവേണ്ടി പോയി, ദോഷമായി ഒന്നും ചെയ്യുവാൻ എന്റെ ദൈവം

(ശേഷം 5-ാം പേജിൽ)

(4-ാംപേജിന്റെ തുടർച്ച)

മേരിമോൺസണും ദൈവത്തിന്റെ വിശ്വതതയും

അവരെ അനുവദിച്ചില്ല.

ആ ദിവസത്തിന്റെ തുടർന്നുള്ള മണിക്കൂറുകൾ അവർ പ്ലാൻ ചെയ്തതിന്റെ ഒരു ദിവസം മുമ്പേ ചില ചാരന്മാരെ മടക്കി അയച്ചു. അവിടെ ഒരു നീണ്ട ഉച്ചത്തിലുള്ള ഒരു ചർച്ച ഉണ്ടായി. അവിടെ ഉണ്ടായ ചർച്ചയുടെ തീരുമാനം ഇല്ലാതെ പോയി. ആ സമയം കറുപ്പ് ഉപയോഗിക്കാനായി കടന്നു പോയി.

ഞങ്ങൾ വിടുതൽ ആകുന്നതിന്റെ ഒരു ദിവസം മുമ്പ് അതേ സമയത്തു തന്നെ, അവർ പോകുവാൻ തയ്യാറായിരുന്നു. അവരിൽ ഒരുവന് പോകുവാനുള്ള ആജ്ഞ കിട്ടുന്നത് ഞാൻ കേട്ടു. ആ വിദേശിയോട് പോയി പറയുക, ഇപ്പോൾ തന്നെ വള്ളത്തിൽ കയറുക, നമുക്ക് പോകേണ്ടതുണ്ട്.

ഞാൻ എന്റെ റൂമിൽ നിന്നും താഴെയിറങ്ങി എന്റെ റൂമിനോട് അടുക്കുന്ന അദ്ദേഹത്തിന്റെ കാലൊച്ച എനിക്ക് ഒരിക്കലും മറക്കാൻ കഴിയില്ല. കർത്താവേ, എന്താണ് അവിടുന്ന് ചെയ്യാൻ പോകുന്നത്? കതക് പരുക്കമായി തുറന്നു. ഞങ്ങൾ നിന്ന് പരസ്പരം നോക്കി, അദ്ദേഹം എന്റെ അടുക്കൽ ഞാൻ അദ്ദേഹത്തിന്റെ അടുക്കലും. നീണ്ട ജാഗ്രത.

ഞാൻ വാതിൽപ്പടി കടന്നില്ല. വാക്കുകളില്ലാതെ, ഉച്ചത്തിൽ വാതിൽ അടച്ചു കടന്നു പോയി. അദ്ദേഹം പറയുന്നതു ഞാൻ കേട്ടു, നിന്റെ ഇഷ്ടം പോലെ എന്നോട് ചെയ്യുക, എന്നാൽ എനിക്ക് ഒരിക്കൽ കൂടി മോശമായി യാതൊന്നും ചെയ്യുവാൻ എനിക്ക് കഴിയുകയില്ല. അവരുടെ ചാരന്മാർ വന്നു ചില വിവരങ്ങൾ പറഞ്ഞു. ധാരാളം ചർച്ചകൾ നടന്നു. എനിക്കു അദ്ദേഹത്തിന് ഒന്നും പറയാൻ കഴിഞ്ഞില്ല.

ഒരു രാത്രി അവിചാരിതമായി, മുന്നൊരുക്കമില്ലാതെ കൊള്ളക്കാരുമായി ഒരു മീറ്റിംഗ് ഉണ്ടായിരുന്നു, രണ്ട് മൂന്ന് മണിക്കൂർ നീണ്ടു. വാക്കും ശക്തിയും എനിക്കു കിട്ടി. ദൈവത്തിന്റെ ആത്മാവ് അവിടെയുണ്ടായിരുന്നു. അ വിടെയാകെ ശാന്തം, എന്റെ ഹൃദയത്തിൽ ദൈവവചനം മന്ത്രിക്കുവാനിടയായി. ആ ദിവസം കൊള്ളക്കാർ എന്നോട് സംസാരിപ്പാൻ തയ്യാറായി.

“ ഞങ്ങൾ മോശം ആണ്, മോശക്കാർ മാത്രം. ജനനം കൊണ്ട് ഞങ്ങൾ മോശക്കാരാണ്. രാവിലെ തുടങ്ങി വൈകുന്നേരം വരെ ദുഷ്ടത ചെയ്യുന്നു, വൈകുന്നേരം മുതൽ രാവിലെ വരെ ദുഷ്ടത മാത്രം ചെയ്യുന്നു. നിങ്ങൾ നന്മയ്ക്കായി ജനിച്ചിരിക്കുന്നു; നിങ്ങൾ ഞങ്ങളെ വെറുക്കുന്നില്ല. ഓരോരുത്തരും ഞങ്ങളെ വെറുക്കുന്നു. എത്ര സന്തോഷമാണ് അവരോട് സംസാരിക്കുന്നത്, ഞാൻ ദുഷ്ട ഹൃദയത്തോടുകൂടി ജനിച്ചു, കർത്താവായ യേശുവിൽ വിശ്വസിച്ചു ഒരു പുതിയ ഹൃദയം പ്രാപിപ്പാൻ കഴിയും. ആ സന്ധ്യ യെ മറക്കുവാൻ കഴിയുകയില്ല.

(തുടരും) ❖

മഹത്വകരമായ ശുശ്രൂഷയുടെ ആത്മാവ്

By John Willison

ആത്മാവിന്റെ ശുശ്രൂഷ അധികം തേജസ്സുള്ളതാകയില്ലയോ? ശിക്ഷാവിധിയുടെ ശു ശ്രൂഷ തേജസ്സാകുന്നു എങ്കിൽ നീതിയുടെ ശുശ്രൂഷ തേജസ്സേറിയതായിരിക്കും ” (2കൊരി. 3:8,9).

ഞാൻ സുവിശേഷത്തിന്റെ കേൾവിക്കാരോട് ഞാൻ പ്രബോധിപ്പിക്കുന്നത് കർത്താവിന്റെ വേലയിൽ ദൈവത്തി ന്റെ പ്രവൃത്തി, നമ്മുടെ പൂർവ്വ പിതാക്കന്മർ കഴി ഞ്ഞ കാലങ്ങളിൽ മറ്റു രാജ്യങ്ങളിലും നിലനിന്ന രീതിയാവിത്. നമുക്ക് സഭയെ ഓർത്ത് പ്രാർത്ഥിക്കാം.“ഞങ്ങൾക്ക് പണ്ടത്തെ പ്പോലെ ഒരു നല്ല കാലം വരുത്തേണമേ” (വിലാ.5:21). അങ്ങനെ നിന്റെ ബലവും മഹത്വവും കാണേണ്ടതിന്, ഞാൻ വിശുദ്ധമന്ദിരത്തിൽ നിന്നെ നോക്കിയിരിക്കുന്നു ”· സങ്കീ. 63:2-ൽ ദാവീദ് പറഞ്ഞു. യെശയ്യാവ് പറയുന്നത്, “ യഹോവയുടെ ഭുജമേ ഉണരുക, ഉണരുക; ശക്തി ധരിച്ചുകൊൾക; പൂർവ്വകാലത്തും പണ്ടത്തെ തലമുറകളിലും എന്നപോലെ ഉണരുക (യെശ. 51:9). സഭയോടു ചേർന്ന് ഇങ്ങനെ പ്രാർത്ഥിക്കാം, ദൈവമേ പൂർവ്വ കാലത്തു ഞങ്ങളുടെ പിതാക്കന്മാരുടെ നാളുകളിൽ നീ ചെയ്ത പ്രവൃത്തി അവർ ഞങ്ങളോട് വിവരിച്ചിരിക്കുന്നു, ഞങ്ങളുടെ ചെവികൊണ്ട് ഞങ്ങൾ കേട്ടുമിരിക്കുന്നു. കർത്താവേ വീ ഉണരേണമേ, നീഉറങ്ങുന്നത് എന്ത്? ഞങ്ങളുടെ സ ഹായത്തിനായി എഴുന്നേൽക്കേണമേ; നിന്റെ ദയനിമിത്തം ഞങ്ങളെ വീണ്ടെടുക്കേണമേ ” (സങ്കീ 44:1; 23; 26).

ഇത് കപ്പൽ യാത്രക്കാർക്ക് ഒരു കാറ്റ് ആയിരുന്നെങ്കിൽ, ചക്രത്തിൽ എണ്ണയായിരുന്നെങ്കിൽ ദൈവത്തിന്റെ കല്പന അനുസരിച്ച് ക്ഷീണിച്ചു പോകാതെ, തളർന്നു പോകാതെ ഓടുവാൻ കഴിയുമായിരുന്നു. ഇത് ഞങ്ങളുടെ കെട്ടുകളെ അഴിക്കുമായിരുന്നു. ഞങ്ങളുടെ ഹൃദയത്തെ വിശാലമാക്കുമായിരുന്നു, സാത്താന്റെ പരീക്ഷയിൽ നിന്നു വിടുതൽ നൽകുമായിരുന്നു, കഠിന മോഹങ്ങളിൽ നിന്നും വിടുതൽ നൽകുമായിരുന്നു. ഇത് ക്ഷീണിച്ച ആത്മാക്കളെ സ്വീകരിക്കുമായിരുന്നു, അവരുടെ വെള്ളം വീഞ്ഞാകുമായിരുന്നു, അവരുടെ ദു:ഖം സന്തോഷമായി മാറുമായിരുന്നു, അവരുടെ ഭയത്തിന് പകരം വിശുദ്ധ ഉറപ്പ് പ്രാപിക്കുമായിരുന്നു. അവരുടെ സംശയങ്ങൾക്ക് പകരം ദൈവത്തിന്റെ ഉറപ്പ് പ്രാപിക്കുമായിരുന്നു. പരാതിക്കു പകരം സ്തുതി വരുമായിരുന്നു. കർത്താവിന്റെ വഴിയിൽ അവർ പാട്ടുപാടുമായിരുന്നു. ഇത് അവരുടെ ആത്മാക്കളെ തൃപ്തിപ്പെടുത്തുമായിരുന്നു, ശരീരത്തിന്റെ ഓരോ അവയവത്തിന്റെയും തടിച്ചുകൊഴുത്ത് ഓരോ അനുഭവങ്ങളെയും നല്ല മനസ് ആക്കിത്തീർക്കുമായിരുന്നു. മനസിന് സ്വാതന്ത്ര്യം കൊടുക്കുമായിരുന്നു, ഓർമ്മ ശക്തികൊടുക്കുമായിരുന്നു. മനസിന് സമാധാനം കൊടുക്കുമായിരുന്നു, ജീവിതത്തെ എല്ലാ കൃപകളാലും നിറെക്കുമായിരുന്നു. അതെ, ഇത് കൃപയിൽ വളരുവാൻ സ, ഹായിക്കുമായിരുന്നു, വേഗത്തിൽ ആത്മീയ പക്വത പ്രാപിക്കുമായിരുന്നു. ഇത് സമൂഹത്തിൽ ഗുരുക്കന്മാരായി ഉയർന്ന് വിനയമുള്ള വരായിത്തീരുമായിരുന്നു, പ്രാർത്ഥനയിൽ കൂടുതൽ ശക്തിയോടെ വളരുമായിരുന്നു. കേൾ ക്കാൻ ശ്രദ്ധാലുക്കളായി മാറുമായിരുന്നു. ധ്യാനത്തിന് സ്വതന്ത്രന്മാരാകുമായിരുന്നു, അറിവിൽ പ്രാ യോഗികത പ്രാപിക്കുമായിരുന്നു, സംസാരത്തിൽ ആത്മീകാഭിവൃദ്ധി കാണിക്കുമായിരുന്നു, കൂടുതൽ നന്ദിയുള്ളവരായിത്തീരുമായിരുന്നു.

കർത്താവിന്റെ വേലയിൽ അസാധാരണമായി

(ശേഷം 6-ാം പേജിൽ)

(5-ാംപേജിന്റെ തുടർച്ച)

മഹത്വകരമായ ശുശ്രൂഷയുടെ ആത്മാവ്

ദൈവപ്രവൃത്തികൾ അയക്കപ്പെട്ടെ അനുഗ്രഹങ്ങൾ നൽകപ്പെടുമാറാകട്ടെ, വീണ്ടെടുപ്പിന്റെ മഹത്വം വെളിപ്പെടുമാറാകട്ടെ, കുറ്റബോധവും പാപങ്ങളെക്കുറിച്ചുള്ള അനുതാപവും ഉണ്ടാകുമാറാകട്ടെ. അനേക വിജയങ്ങൾ ഉണ്ടാകട്ടെ, ക്രിസ് തുവിന്റെ നാമം മഹത്വപ്പെടട്ടെ, അനേക സഹകാരികളും ശിഷ്യന്മാരും ഉണ്ടാകട്ടെ. സുവിശേഷത്തിന്റെ വെളിച്ചം പ്രകാശിക്കട്ടെ, രക്ഷാ പരിജ്ഞാനം വർദ്ധിക്കുമാറാകട്ടെ, അനുസരണക്കേടും, പാപങ്ങളും ഇല്ലാതെയാകട്ടെ, സൗജന്യകൃപകൾ വെളിപ്പെടട്ടെ, സാത്താൻ ബന്ധിക്കപ്പെടട്ടെ അപ്പോൾ ശുശ്രൂഷകളും ആരാധനകളും ജീവൻ പ്രാപിക്കട്ടെ, പാപികൾ ഉണരട്ടെ, മരിച്ച ആത്മാക്കൾ ജീവൻ പ്രാപിക്കട്ടെ, കഠിന ഹൃദയങ്ങൾ ഉരുകട്ടെ, കഠിന മോഹങ്ങൾ കീഴടങ്ങട്ടെ, ആൺമക്കളും പെൺമക്കളും ദൈവത്തിനായി എഴുന്നേൽക്കട്ടെ. ആ ദിവസം വിഭാഗീയത ഇല്ലാതെയാകട്ടെ, ഒരുമയും ഐക്യതയും ഉണ്ടാകട്ടെ, സ്വർഗ്ഗം ഭൂമിയിലേക്ക് താണിറങ്ങട്ടെ. പ്രാർത്ഥനയും, സ്തുതികളും, ആത്മീയ സംസാരങ്ങളും ക്രിസ്തുവിനെക്കുറിച്ച് അവിടുത്തെ വീണ്ടെടുപ്പിന്റെ സ്നേഹത്തെക്കുറിച്ച് ആയിരിക്കട്ടെ. പൂർണ്ണ പ്രത്യാശയോടെ ആയിരിക്കാം. അങ്ങനെ ഒരവസരത്തിനായി കാത്തിരിക്കാം.

തീ അയക്കേണമേ!

ഏലിയാവിന്റെ ദൈവമേ,
പ്രാർത്ഥന കേൾക്കേണമേ!

തീ അയക്കേണമേ!

അതെ, ജീവിക്കുവാനോ മരിക്കുവാനോ ഞങ്ങളെ യോഗ്യരാക്കേണമേ!

തീ അയക്കേണമേ!

പാപത്തിന്റെ എല്ലാ സ്വാധീനവും വെന്തുപോകുവാൻ
പ്രകാശവും വെളിച്ചവും അകത്തുവരുവാൻ ഉണർവ്വ് വ്യാപരിക്കട്ടെ.

തീ അയക്കേണമേ!

ക്രിസ്തുവിന്റെ കത്തുന്ന,
ശുദ്ധീകരിക്കുന്ന ജ്വാല,

തീ അയക്കേണമേ!

അവിടുത്തെ രക്തത്തിന്റെ വലിയ സമ്മാനം ഇന്ന് തരേണ്ടമേ.

തീ അയക്കേണമേ!

താഴേക്ക് നോക്കി സൈന്യത്തെ കാണട്ടേ,

തീ അയക്കേണമേ!

മറ്റൊരു പെന്തെക്കോസ്തു നമുക്കാവശ്യം

തീ അയക്കേണമേ!

ഈ തീ ഞങ്ങൾക്കാവശ്യം,
ആ തീക്കായി ഞങ്ങൾ അപേക്ഷിക്കുന്നു.

തീ അയക്കേണമേ!

ആ തീ ഞങ്ങളുടെ ഓരോ ആവശ്യങ്ങൾക്കും മതിയായത്,

തീ അയക്കേണമേ!

ബലത്തിനായി എപ്പോഴും ഞങ്ങൾ നന്മ ചെയ്യും,
യുദ്ധത്തിൽ പിടിച്ചടക്കുവാനുള്ള കൃപ,
നേരേ നടക്കുവാനുള്ള ശക്തി

തീ അയക്കേണമേ!

ഞങ്ങളുടെ ക്ഷീണിച്ച ഹൃദയങ്ങളെ ശക്തിയുള്ളതാക്കുവാൻ

തീ അയക്കേണമേ!

നശിച്ചുകൊണ്ടിരിക്കുന്ന ലോകത്തിൽ നിന്നും ഞങ്ങളെ രക്ഷിക്കുവാൻ

തീ അയക്കേണമേ!

അതെ, കാണുക ഞങ്ങളെയാഗപീഠത്തിൽ ഞങ്ങളുടെ ജീവിതങ്ങൾ, ഞങ്ങളുടെ എല്ലാം, ഈ ദിവസത്തിൽ കിരീടത്തിനായി അർപ്പിക്കുന്നു. ഇപ്പോൾ, ഞങ്ങൾ പ്രാർത്ഥിക്കുന്നു.

❖

തീ അയക്കേണമേ!

പരിശുദ്ധാത്മാവും സുവിശേഷ വേലയും

By Andrew Murray

പരിശുദ്ധാത്മാവ് സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങി വന്ന് സുവിശേഷ വേലയുടെ ആത്മാവായിരിക്കുകയാണ്, സുവിശേഷവുമായി ഭൂമിയുടെ അറ്റത്തോളവും പോകുവാൻ ശിഷ്യന്മാരെ ഉത്സാഹിപ്പിക്കുവാനും ശക്തീകരിക്കുവാനും അവിടുന്ന് വന്നിരിക്കുന്നു. ഉത്ഭവവും, വളർച്ച യും വിജയവുമെല്ലാം പരിശുദ്ധാത്മാവ് തന്നെയാണ്. വിശ്വാസികൾ തങ്ങളുടെ കർത്താവിനോടുള്ള ബഹുമാനത്തിന്റെയും സ്നേഹത്തിന്റെയും ഫലമായി തങ്ങളുടെ കർത്താവിനോടുള്ള ബഹുമാനത്തിന്റെയും സ്നേഹത്തിന്റെയും ഫലമായി തങ്ങളുടെ ഹൃദയത്തിലൊരിടം അവിടുത്തേയ്ക്ക് ഒഴിച്ചിട്ടിരിക്കുന്നു; നഷ്ടപ്പെട്ടവരെക്കുറിച്ചുള്ള ചിന്തയും സ്നേഹവും, ദൈവത്തിന്റെ വാഗ്ദത്തത്തിൽ ആശ്രയിച്ച്, തന്റെ കലപ്നയോടുള്ള അനുസരണത്തിന്റെ ഫലമായി, സുവിശേഷ വേലത്യാഗപരമായി ചെയ്യുന്നു. അവ രെ പിടിച്ചെടുത്ത് ക്രിസ്തുവിൽ ഒന്നാക്കിച്ചേർത്ത് വിളിച്ച് യോഗ്യരായ മനുഷ്യരെ അതിനായി പറഞ്ഞയച്ച്, അവിടുന്ന് വാതിലുകളെ തുറന്നു വയ്ക്കുന്നു, അവിശ്വാസിക്ക് വിശ്വസിക്കുന്ന ഹൃദയം കൊടുത്ത് അവരെ അതിനായി ഒരുക്കുന്നു. അതു വർദ്ധിച്ചുവരുമ്പോൾ, അത് സാത്താൻ സിംഹാസനമിട്ടു വാഴുന്ന സ്ഥലത്ത്, ക്രൂശ് സ്ഥാപിച്ച് വീണ്ടെടുക്കപ്പെട്ടവരെ കൂട്ടിച്ചേർക്കുന്നു.

സുവിശേഷ വേല എന്നത് ദൈവത്തിന്റെ പരിശുദ്ധാത്മാവിന്റെ നിറവിനു വേണ്ടി കാത്തിരിക്കുന്നവർക്ക് സുവിശേഷ വേലയിൽ താല്പര്യമില്ലാത്തവരാണെങ്കിൽ പരിശുദ്ധാത്മാവ് ലഭിക്കണമെന്നില്ല. സുവിശേഷ വേലക്ക് വേണ്ടി ആഗ്രഹിക്കുകയോ പ്രാർ ത്ഥിക്കുകയോ ചെയ്യാത്ത ഒരു വ്യക്തി തന്റെ ആത്മീയ ദാരിദ്ര്യത്തെക്കുറിച്ചു ഭയപ്പെടുകയോ ദു:ഖിക്കുകയോ ചെയ്യേണ്ടതാണ്. പരിശുദ്ധാത്മാവ് സുവിശേഷവേലയ്ക്കുവേണ്ടി തന്നെ ഒരുക്കുന്ന ശക്തിയാണ്, ഈ വേല ദിവ്യമായ ഒരു പ്രവൃ ത്തി തന്നെ ഭരമേല്പിച്ചിരിക്കുന്നു എന്ന് വിശ്വസിക്കേണ്ടതാണ്. സുവിശേഷ വേലയ്ക്കുവേണ്ടി പ്രാർത്ഥിക്കുന്ന ഓരോ വ്യക്തിയും മിഷ്യനറി ആത്മാവുള്ള ഒരുവനാണ് നിങ്ങളുടെ സഭയിൽ, വിഷയത്തിന് ഊന്നൽ കൊടുത്ത് അതിനുവേണ്ടി പ്രാർത്ഥിക്കേണം, സഭയിൽ അതിന്റെ പ്രവർത്തനങ്ങളിൽ, ആരാധനകളിൽ ഉള്ളിൽ വസിക്കുന്ന ആത്മാവിനാൽ നാം ശക്തിപ്പെട്ട് പ്രവർത്തിക്കേണ്ടതാണ്.

ആത്മാവിനാൽ നടത്തപ്പെടുന്ന സഭയും ആത്മാവിനാൽ നടത്തപ്പെടുന്ന വേലയും അനുഗ്രഹിക്കപ്പെട്ടത്, എവിടേക്ക് നടത്തപ്പെടുന്നുവോ, എവിടേയ്ക്ക് കാത്തിരിക്കുന്നുവോ അത് കർത്താവിൽ നിന്നും തന്നെയാണ് കാത്തിരിക്കുന്നത്. 10 ദിവസം പ്രാർത്ഥിച്ച് കാത്തിരുന്നപ്പോൾ ആത്മാവിന്റെ അഗ്നി ഇറങ്ങി വന്നു. ഇങ്ങനെയായിരുന്നു യരുശലേമിലെ സഭയുടെ ജനനം (പ്രവൃത്തി.

(ശേഷം 7-ാം പേജിൽ)

(6-ാംപേജിന്റെ തുടർച്ച)

പരിശുദ്ധാത്മാവും സുവിശേഷ വേലയും

1-2). ശുശ്രൂഷിക്കുകയും ഉപവസിക്കയും ബർന്നബാസിന്റെ മേലും ശൗലിന്റെ മേലും ആത്മാവു വന്നു. ആ സഭ ഒരു മിഷ്യൻ കാഴ്ചപ്പാടുള്ള ഒരു സഭയായിരുന്നു. ഭൂമിയിൽ കാത്തിരിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തപ്പോൾ ആത്മാ വു ശക്തിയോടെ സ്വർഗ്ഗത്തിൽ നിന്നും ഇറങ്ങി വന്നു, അത് സഭയുടെ, ശക്തിയും, സന്തോഷവും വേലക്ക് അനുഗ്രഹവും ആയിരുന്നു.

ഞാൻ നിങ്ങളോട് പറയട്ടെ, സുവിശേഷവേലക്കാരോട് പറയട്ടെ: സന്തോഷത്തോടെ ആയിരിക്കുക! ദൈവത്തിന്റെ പരിശുദ്ധാത്മാവിന്റെ ശക്തി, കർത്താവായ യേശുവിന്റെ സാന്നിദ്ധ്യം നിങ്ങളോടുകൂടെ പരിശുദ്ധാത്മാവു നിങ്ങളോടുകൂടെ ഇരിക്കുമാറാകട്ടെ. വേല അവിടുത്തേത് ദൈവത്തിൽ ആശ്രയിക്കുക, അവിടുത്തേക്ക് സമർപ്പിക്കുക, അവിടുത്തേക്ക് കാത്തിരിക്ക; വേല അവിടുത്തേത്, അവിടുന്ന് അത് ചെയ്യും.

ഓരോ വിശ്വാസിയോടും ഞാൻ പറയട്ടെ, അവിടുന്ന് വേലയുടെ നടത്തിപ്പുകാരൻ ആയിരിക്കട്ടെ, സഹായകനും, ഉറവിടവും പ്രാർത്ഥനയിൽ സഹായവും ജീവിതത്തിന്റെ എല്ലാ വഴികളിലും എല്ലാമായിരിക്കുക! ആ സമയം മുതൽ ദൈവത്തിന്റെ സിംഹാസനത്തിന്റെ മുമ്പിൽ കാത്തിരിക്ക, ആ സ്നാനം അവിടെയാണ് പ്രാപിച്ചത്, ആദ്യ ശിഷ്യന്മാർ അവിടുത്തെ അനുഗമിച്ചു. അവർ പ്രാർത്ഥിച്ചു. ഉപവസിച്ചു, ദേശത്തേക്കപ്പുറത്തേക്ക് അവർ കടന്നുപോയി. ഇവയിൽ നിന്നും സഹോദരന്മാർ ശക്തിയുടെ രഹസ്യം പഠിക്കട്ടെ. ഞങ്ങൾ ഓരോ വിശ്വാസികളേയും വിളിക്കട്ടെ, അവർ വേലയെ സ്നേഹിക്കുന്നവരും വേലക്കാരും ആയിരിക്കട്ടെ. അവ ഞങ്ങളോട് കൂടെ വന്ന് ആത്മാവിനാൽ നിറഞ്ഞ് കർത്താവിന്റെ വേല ചെയ്യട്ടെ.

സഭയുടെ ആവശ്യവും നമ്മിൽ വസിക്കുന്ന പരിശുദ്ധാത്മാവിനെ തിരിച്ചറിയാനുള്ള ശക്തിയും, ആ ശക്തിയെ തിരിച്ചറിയാനുള്ള കഴിവും പ്രാപിക്കട്ടെ. നമുക്ക് യെരുശലേമിൽ മാളിക മുറിയിൽ ഒരുമിച്ചു കൂടിവരാം, ശുശ്രൂഷിക്കയും ഉപവസിക്കയും പ്രാർത്ഥിക്കയും ചെയ്യാം; പഴയകാലത്തെപ്പോലെ ഒരുമിച്ചു കൂടിവരാം, നമുക്ക് മുന്നോട്ട് പോകാം ഒരുക്കപ്പെട്ടവരെ വേലക്കായി അയക്കാം, പാപക്ഷമ പ്രപിച്ചവരായി യേശുവിനെ വെളിപ്പെടുത്താം, ആയിരങ്ങളെ അവിടുത്തെ പാദത്തിൽ കാഴ്ചവയ്ക്കാം. അവിടുന്ന് അതിനായി കാത്തിരിക്കുന്നു. നമുക്ക് അവിടുത്തേക്കായി കാത്തിരിക്കാം. നമുക്ക് അവിടുത്തെ സ്വാഗതം ചെയ്യാം.

ഞങ്ങളുടെ ദൈവമേ അങ്ങയോട് ഞങ്ങൾ നിലവിളിക്കുന്നു! അങ്ങയുടെ സഭയെ സന്ദർശിക്കേണമേ, അങ്ങയുടെ ആത്മാവ് അവിടുന്ന് അയക്കുന്ന അവിടുത്തെ ആത്മാവ് അവിടുത്തെ ജനത്തെ നിറയ്ക്കട്ടെ. പിതാവേ, ഒരു പുതുക്കത്തിനായി എന്നെ സമർപ്പിക്കുന്നു, ജീവിച്ച് വേല ചെയ്യുവാൻ, പ്രാർത്ഥിക്കുവാൻ, അവിടുത്തെ രാജ്യത്തിനു വേണ്ടി ആയിത്തീരുവാൻ സമർപ്പിക്കുന്നു. ഞാൻ അവിടുത്തെ അത്ഭുതകരമായ സമ്മാനമായ പരിശുദ്ധാത്മാവിനെ സ്വീകരിക്കുന്നു, ക്രിസ്തുവിന്റെ ആത്മാവിനെ, അവിടുത്തെ നിറവിനായി അടിയനെ സമർപ്പിക്കുന്നു. ഞാൻ താഴ്മയായി അപേക്ഷിക്കുന്നു, അവിടുത്തെ മക്കളെ എനിക്ക് തരേണമേ, അവർ ആത്മാവിൽ നിറഞ്ഞ് അങ്ങയ്ക്ക് പ്രയോജനമുള്ള വേലക്കാരായിത്തീരുമാറാകട്ടെ. സർവ്വഭൂമിയും അവിടുത്തെ മഹത്വം കൊണ്ട് നിറയട്ടെ. ആമേൻ.

❖

ആത്മാവിനാൽ അവരെ നയിക്കേണമേ

By Oswald J. Smith

അവർ കർത്താവിനെ ആരാധിച്ചും ഉപവസിച്ചും കൊണ്ടിരിക്കുമ്പോൾ ഞാൻ ബർന്നബാസിനെയും ശൗലിനെയും വിളിച്ചിരിക്കുന്ന വേലക്കായിട്ട് എനിക്ക് വേർതിരിപ്പിൻ എന്ന് പരിശുദ്ധാത്മാവ് പറഞ്ഞു (പ്രവൃത്തി.13:2,3).

അങ്ങനെ പരിശുദ്ധാത്മാവ് ബർന്നബാസിനെയും ശൗലിനെയും അവരെ വിളിച്ച വേലക്കായി എനിക്ക് വേർതിരിപ്പിൻ എന്ന് പറഞ്ഞു. അതായത്, അവർ ശ്രദ്ധിക്കുന്നു എങ്കിൽ, അവർ അവിടുത്തെ മുമ്പിൽ ശാന്തരായിരിക്കുന്നു എങ്കിൽ എന്റെ വേലക്കായി വേർതിരിപ്പിൻ. ബർന്നബസും ശൗലും കർത്താവിനെ ശുശ്രൂഷിക്കയായിരുന്നു. അവർ ഉപവസിക്കയും പ്രാർത്ഥിക്കയും ചെയ്തു. ലോകം അവർക്കു അടക്കപ്പെട്ടിരുന്നു. അവർ ആത്മാവിന്റെ ആലോചനക്കായി കാത്തിരുന്നു. ദൈവത്തിന്റെ ജനം ഇതേ മനോഭാവത്തിൽ വരേണ്ടതാണ്. ദൈവത്തിന്റെ പരിശുദ്ധാത്മാവ് തന്റെ ഇഷ്ടം നമ്മെ അറിയിക്കും, താൻ തിരഞ്ഞെടുക്കുന്നവരെ ദൈവം വിളിക്കുകയും ചെയ്യും.

എന്നാൽ നാം വളരെ തിടുക്കത്തിലാണ്. ധാരാളം തിരക്കുണ്ട്. ഇപ്പോഴും അവിടുത്തെ മുമ്പിൽ, അവിടുത്തെ തിരു ഇഷ്ടത്തിന്റെ പ്രാധാന്യം നാം പഠിച്ചിട്ടില്ല. ദൈവത്തിന് സംസാരിക്കാൻ തക്കവണ്ണം നമ്മുടെ ചെവികളെ ഏല്പിച്ചുകൊടുത്തിട്ടില്ല. ദൈവശബ്ദം കേൾപ്പാൻ നമുക്കു കഴിവില്ല. എങ്കിലും നാം ചിന്തിക്കുന്നു, നാം ദൈവത്തിന്റെ ഇഷ്ടത്തിലാണ്. നാം ചിന്തിക്കുന്നു. നമ്മുടെ പദ്ധതിയെല്ലാം അവിടുത്തേതാണ്, നാം നമ്മുടെ ഇഷ്ടപ്രകാരം പോകുന്നു, പരാജയപ്പെടുകയും ചെയ്യുന്നു.

എന്നാൽ ദൈവത്തിന്റെ പരിശുദ്ധാത്മാവ് ഒരു വ്യക്തി, തെരഞ്ഞെടുപ്പാൻ ശക്തിയുണ്ട്. സംസാരിക്കയും അയക്കയും ചെയ്യുന്നു, നമ്മുടെ ജീവിത്തിന്റെ നായകനായി നില്ക്കുന്നു, കാത്തിരിക്കുന്നു. നാം ചെയ്യേണ്ടതായ ശുശ്രൂഷകൾ എന്തൊക്കെ എന്ന് നമ്മെ കാണിക്കുന്നു. എന്നാൽ നാം കേൾക്കുന്നില്ല.

ആദിമ സഭകളിൽ പരിശുദ്ധാത്മാവ് സഭകളിൽ എത്ര സജീവമായിരുന്നു! എന്നാൽ പരിശുദ്ധാത്മാവ് ആലോചനക്കാരനായി, ദൈവം നടത്തിപ്പുകാരനായിരുന്നു. ഈ ദിവസങ്ങളിൽ അവിടുത്തെ ഇടപെടൽ കാണുന്നില്ല. അവിടുന്ന് ചെറുതായി കാണപ്പെടുന്നു. അഥവാ ഉപേക്ഷിക്കപ്പെടുന്നു. മനുഷ്യന്റെ പദ്ധതി തന്റേതിൽ നിന്നും ഉയർന്നു കാണുന്നു. തന്റെ വഴികൾക്കും മനുഷ്യന്റെ പ്രവൃത്തികൾ സ്വയം മുന്തി

(ശേഷം 8-ാംപേജിൽ)

(7-ാംപേജിന്റെ തുടർച്ച)

ആത്മാവിനാൽ അവരെ നയിക്കേണമേ

നിൽക്കുന്നു. അതുകൊണ്ട് ദൈവത്തിന്റെ തെരഞ്ഞെടുപ്പ് വരുന്നില്ല, വിളി വരുന്നില്ല, വേലക്കായി ആക്കുകയോ അയയ്ക്കുകയോ ചെയ്യുന്നില്ല.

എന്നാൽ അവിടുന്ന് ആഗ്രഹിക്കുന്നു, ഇപ്പോഴും ഇത് അവിടുത്തെ വേലയാണ്. നമ്മെ അവിടുന്ന് അറിയുന്നു. നാം സമർപ്പിക്കുമെങ്കിൽ അനുസരിക്കുമെങ്കിൽ, ദൈവം തന്റെ പദ്ധതി നടപ്പാക്കും!

എത്ര ഉണർവ്വിന്റെ ദിനങ്ങളായിരുന്നു ആദിമ സഭ! സഭകൾ വളരുന്നു! എല്ലായിടത്തും ആത്മാക്കൾ രക്ഷിക്കപ്പെട്ടു. ഓരോയിടത്തും സുവിശേഷം ദൈവശക്തിയായിരുന്നു. വിശുദ്ധന്മാർ എഴുന്നേറ്റ് വിശ്വാസത്താൽ വേല ചെയ്തു. കാരണം പരിശുദ്ധാത്മാവിന് അവർ ഇടം കൊടുത്തു. അവിടുന്ന് നായകനായി വേല ചെയ്തു, അത് അംഗീകരിക്കപ്പെട്ടു.

ദൈവത്തിനു സ്തോത്രം, ഇത് വീണ്ടും നടക്കും. അവിടുന്ന് ഇപ്പോഴും ആളുകളെ നോക്കുന്നു, സമർപ്പിക്കുന്ന ആളുകളെ തേടുന്നു. അനുസരണമുള്ളവരെ തേടുന്നു. അവിടുന്ന് ഒരു വ്യക്തിയെ കണ്ടെത്തിയാൽ, അവൻ മറ്റുള്ള ശബ്ദങ്ങൾക്ക് ചെവി കൊടുക്കാതെ ദൈവശബ്ദത്തിനായി കാത്തിരിക്കുന്നു എങ്കിൽ അവിടെ അനുഗ്രഹം നിശ്ചയം. ❖

പരിശുദ്ധാത്മാവ് പ്രാർത്ഥനയെ ശക്തിപ്പെടുത്തുന്നു

By Lois J.Stucky

" ഞാൻ കൊടുക്കുന്ന വെള്ളം കുടിക്കുന്നവനോ ഒരു നാളും ദാഹിക്കയില്ല; ഞാൻ കൊടുക്കുന്ന വെള്ളം അവനിൽ നിത്യ ജീവനുള്ളതായി ഉറവയായിത്തീരും എന്ന് ഉത്തരം പറഞ്ഞു" (യോഹ. 4:14).

ദൈവം കൃപയോടെ നമുക്ക് ദാഹം തരുന്നു, കുടിക്കുന്ന ആത്മാവ് ദാഹം തീർക്കുക മാത്രമല്ല, മറ്റുള്ളവരിലേക്ക് പകരുക കൂടി ചെയ്യുന്നു (7:38,39). പുറത്തേക്കൊഴുകുന്ന കാര്യത്തിൽ ചില പരിമിതികൾ നമുക്ക് അനുഭവപ്പെടുന്നുണ്ട്. ഉറവിടങ്ങളും സാഹചര്യങ്ങളും പരിഗണിക്കപ്പെടേതുണ്ട്. എന്നാൽ ഒരുവനിൽ നിന്ന് പുറത്തേയ്ക്കുള്ള ഒഴുക്ക് പ്രാർത്ഥനയെ ആശ്രയിച്ചിരിക്കുന്നു. സഹോദരന്മാരേ, ഇന്നത്തെ ലോകത്തിന് അഭിഷേകമുള്ള ആത്മനിറവുള്ള പ്രാർത്ഥന ആവശ്യമുണ്ട്! സാത്താൻ ശക്തിയായി എതിർക്കുന്നു, ആത്മാവ് ഉത്തേജിപ്പിക്കുന്നു. ആത്മശക്തിയാൽ നടത്തപ്പെടുന്ന പ്രാർത്ഥന, ഈ പ്രത്യേക കാലഘട്ടത്തിൽ, താമസിച്ചുപോയി എങ്കിലും ഈ കാലഘട്ടത്തിന്റെ ആവശ്യം മനസിലാക്കി നാം പ്രാർത്ഥിക്കേണ്ടതാണ്. ദു:ഖത്തോടെ പറയട്ടെ, ചില പ്രാർത്ഥനക്കാർ, അവർ ഏറ്റു പറയാറുണ്ട്, ജഡത്തിൽ തങ്ങൾ ബലഹീനരാണ് വേണ്ടും വണ്ണം പ്രാർത്ഥിപ്പാൻ ഞങ്ങൾക്ക് കഴിവില്ല, ഗൗരവതരമായ പ്രാർത്ഥന എന്നത് " ധാരാളമായ പ്രാർത്ഥന "; നാം ശ്രദ്ധയോടെ പ്രാർത്ഥിക്കേണ്ടതാണ് (യാക്കോ. 5:16).

എന്നാൽ, അനേകരും ദൈവവചനത്തിന്റെ പ്രബോധനം ഏറ്റെടുത്തുകൊണ്ട് പ്രവർത്തിക്കുന്നു. അവ്വണ്ണം തന്നെ ആത്മാവ് നമ്മുടെ ബലഹീനതയ്ക്കു തുണനില്ക്കുന്നു, വേണ്ടും പോലെ പ്രാർത്ഥിക്കേണ്ടത് എന്തെന്ന് നാം അറിയുന്നില്ലല്ലോ. ആത്മാവു തന്നെ ഉച്ചരിച്ചു കൂടാത്ത ഞരക്കങ്ങളാൽ നമുക്കുവേണ്ടി പക്ഷവാദം ചെയ്യുന്നു. എന്നാൽ ആത്മാവ് വിശുദ്ധർക്കുവേണ്ടി ദൈവഹിതപ്രകാരം പക്ഷവാദം ചെയ്യുന്നതുകൊണ്ട് ആത്മാവിന്റെ ചിന്ത ഇന്നതെന്ന് ഹൃദയങ്ങളെ പരിശോധിക്കുന്നവൻ അറിയുന്നു (റോമ. 8:26,27).

അതെ, നമ്മുടെ പ്രാർത്ഥനയിൽ ആവശ്യമായ സഹായം ദൈവം വാഗ്ദത്തം ചെയ്തിരിക്കുന്നു. ഇത് ഓരോ സമയവും പ്രാർത്ഥിക്കാനാരംഭിക്കുമ്പോൾ നാം അവകാശമാക്കി പ്രാർത്ഥിക്കുന്നു. എഫെ. 5:18-ൽ നാം വായിക്കുന്നു, ആത്മാവ് നിറഞ്ഞവരായിരിപ്പിൻ. ഇതായിരിക്കട്ടെ നമ്മുടെ ക്രിസ്തീയ ജീവിതവും പ്രാർത്ഥനയും എന്നാൽ ഒരു സമയവും ഇത് പ്രാർത്ഥനയെക്കാൾ വലുതായിരിക്കുന്നില്ല. എപ്പോഴും പരിശുദ്ധാത്മാവിന്റെ നിയന്ത്രണത്തിൽ നാം പ്രാർത്ഥിക്കുക.

❖